"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - 2023 ൽ കാലാവധി അവസാനിച്ചതും യഥാസമയം പുതുക്കുവാനാകാത്തതുമായ കരാറുകാരുടെ ലൈസൻസുകൾ പുതുക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**പൊതുമരാമത്ത്(എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.407/2024/PWD തീയതി, തിരുവനന്തപുരം, 16-03-2024

പരാമർശം :

1. സ.ഉ.(കൈ) നം.6/2023/പൊ.മ.വ തീയതി 20.01.2023
2. സ.ഉ.(കൈ) നം.13/2023/പൊ.മ.വ തീയതി 28.02.2023
3. സ.ഉ. (കൈ) നം.22/2023/പൊ.മ.വ തീയതി 18.04.2023
4. സ.ഉ.(സാധാ) നം.702/2023/പൊ.മ.വ തീയതി 31.05.2023
5. സ.ഉ.(സാധാ) നം.890/2023/പൊ.മ.വ തീയതി 30.06.2023
6. സ.ഉ.(സാധാ) നം.1071/2023/പൊ.മ.വ തീയതി 04.08.2023
7. പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 28.02.2024 ലെ സി.ഇ.പി.ഡബ്ല്യൂ.ഡി/3286/2021/അഡ്മിൻ പി.എൽ.എ- പാർട്ട് 2 നമ്പർ കത്ത്.

**ഉത്തരവ്**

31.03.2023 ൽ കാലാവധി അവസാനിക്കുന്ന കോൺട്രാക്ടർ ലൈസൻസുകളുടെ കാലാവധി പരാമർശം 2 മുതൽ 6 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 10.08.2023 വരെ നീട്ടി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീയതിക്കുള്ളിൽ ലൈസൻസുകൾ പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതിരുന്ന കരാറുകാർ അവരുടെ ലൈസൻസുകൾ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ സമയപരിധിയിൽ ഇളവ് അപേക്ഷിക്കുന്നതായും ഇലക്ട്രിക്കൽ വിഭാഗത്തിൽ AC, Lift, Firefighting ലൈസൻസുകളുടെ കാലാവധി 1 വർഷമാണെന്നും ഓരോ കരാറുകാർക്കും അത് വ്യത്യസ്തവുമാണെന്നും ഇങ്ങനെ കാലാവധി അവസാനിക്കുന്ന പ്രസ്തുത കോൺട്രാക്ടർ ലൈസൻസുകൾ പുതുക്കുന്ന വിഷയം കൂടി കണക്കിലെടുത്ത് 2023 വർഷം കാലാവധി കഴിഞ്ഞതും എന്നാൽ സമയബന്ധിതമായി ആയത് പുതുക്കുവാൻ സാധിക്കാതിരുന്നതുമായ കരാറുകാർക്ക് ഒരു നിശ്ചിത പിഴയോട് കൂടി അവരുടെ ലൈസൻസുകൾ പുതുക്കുന്നതിന് അവസരം നൽകണമെന്ന് പരാമർശം (7) പ്രകാരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2023 ൽ കാലാവധി അവസാനിച്ചതും എന്നാൽ സമയബന്ധിതമായി ലൈസൻസ് പുതുക്കുവാൻ സാധിക്കാതിരുന്നതുമായ കരാറുകാർക്ക് ചുവടെ ചേർത്തിരിക്കുന്ന പിഴയോട്ടുകൂടി പരാമർശം 1 ലെ വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസുകൾ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഉത്തരവ് തീയതി മുതൽ ഒരു മാസം വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | കാറ്റഗറി | പിഴ തുക (₹) |
|---|---|---|
| 1. | സിവിൽ | 2500 |
| 2. | ഇലക്ട്രിക്കൽ | 1500 |
| 3. | ഇലക്ട്രോണിക്സ് | 2000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി.വി.
സ്പെഷ്യൽ സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും

പൊതുമരാമത്ത് വകുപ്പിലെ എല്ലാ രജിസ്റ്ററിങ്ങ് അധികാരികൾക്കും

(ചീഫ് എഞ്ചിനീയർമാർ മുഖേന )

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇ-ഗവേർണൻസ്), പൊതുമരാമത്ത് വകുപ്പ്

ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

തദ്ദേശ സ്വയംഭരണ വകുപ്പ്

ജലവിഭവ വകുപ്പ്.

ഐ&പി.ആർ(വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി( PWD-H3/44/2024)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 18-03-2024 10:28:02
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.
പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എ.